11. ശ്രീമതി ഷെർളി സ്റ്റീഫൻ
12. ശ്രീമതി വത്സലകുമാരി
13. ശ്രീ. എസ്. ഭരത് കുമാർ
14. ശ്രീ. ജോർജ് സി. ജോസഫ്

എന്നിവരുടെ പരാതികളിൻമേൽ തീർപ്പുകൽപ്പിക്കുവാനായുണ്ട്.

(എഫ്) എത്രയും പെട്ടെന്ന് നടപടികൾ പൂർത്തിയാക്കുന്നതാണ്.

**എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി കെ.എസ്. ആർ.ടി.സി. ബസ്സ് സർവ്വീസ്**

**96(192)**ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് കുന്നത്തുനാട് എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ബസ്സ് സർവ്വീസ് തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ-ചെമ്പറക്കി-കിഴക്കമ്പലം-പടിമറ്റം-നെല്ലാട് മൂവാറ്റുപുഴ വഴി തിരുവനന്തപുരത്തേക്ക് ഒരു ബസ്സ് സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് എം.എൽ.എ. നിർദ്ദേശിച്ച റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ റൂട്ട് പൂർണ്ണമായും ദേശവൽകൃത മേഖലയിലല്ലാത്തതിനാലും ബസ്സുകളുടെ അപര്യാപ്തതമൂലവും പ്രസ്തുത ബസ്സ് സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥ**

**97 (1921)**ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകളിൽ ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്ക് കണ്ടക്ടറുടെ സീറ്റിന് സമാന്തരമായിട്ടുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റ് ഒഴിപ്പിച്ചു നൽകുവാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly